"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -നഴ്സിംഗ് വിദ്യാഭ്യാസം- 2023-24 അധ്യയന വർഷം തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിലായി ആരംഭിക്കുന്ന പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.282/2023/H&FWD തീയതി,തിരുവനന്തപുരം, 13-10-2023

പരാമർശം:-
1. സ.ഉ (കൈ) നം. 190/2023/ആ.കു.വ തീയതി 05.08.2023
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.08.2023 തീയതിയിലെ മെ.വി.വ./4245/2023-പി.ബി1 നമ്പർ കത്ത്
3. സ.ഉ (കൈ) നം. 198/2023/ആ.കു.വ തീയതി 12.08.2023
4. സ.ഉ (കൈ) നം. 228/2023/ആ.കു.വ തീയതി 24.08.2023

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന 'നഴ്സിംഗ് വിദ്യാഭ്യാസത്തിനായി പുതിയ കോളേജുകൾ ആരംഭിക്കുന്നത്" സംബന്ധിച്ച പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. പുതിയ നഴ്സിംഗ് കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ധനസഹായമായി കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നും 6 കോടി രൂപ പരാമർശം (3) പ്രകാരം അനുവദിച്ചു. പരാമർശം (4) ഉത്തരവ് പ്രകാരം ഓരോ കോളേജിലെയും വാർഷിക വിദ്യാർത്ഥി പ്രവേശനശേഷി ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

| ക്രമ നം. | നഴ്സിംഗ് കോളേജ് | വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി |
|---|---|---|
| 1 | തിരുവനന്തപുരം (തിരുവനന്തപുരത്തുള്ള അപെക്സ് ട്രോമ ആൻഡ് എമർജൻസി ലേണിംഗ് സെന്ററിൽ ലഭ്യമായ ഭൗതിക സൗകര്യങ്ങൾ ഉപയോഗിച്ച് തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുബന്ധമായി **അധിക ബാച്ച്**) | 100 |
| 2 | പത്തനംതിട്ട | 60 |

| | | |
|---|---|---|
| 3 | ഇടുക്കി | 60 |
| 4 | പാലക്കാട് | 60 |
| 5 | വയനാട് | 60 |
| 6 | കാസർകോട് | 60 |

2. പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിലേയ്ക്കാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശം (2) കത്ത് പ്രകാരം മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിൽ നിന്നുംനഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നതിന് ലഭിക്കുന്ന സ്വീകാര്യത കണക്കിലെടുത്ത് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ കേരളത്തിൽതന്നെ കുട്ടികൾക്ക് മികവുറ്റ നഴ്സിംഗ് വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി നഴ്സിംഗ് വിദ്യാഭ്യാസത്തിനായി പുതിയ കോളേജുകൾ സർക്കാർ/പൊതുമേഖലകളിലായി ആരംഭിക്കുമെന്ന് 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, കാസർഗോഡ്, വയനാട് ഗവ. മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ സീനിയർ സൂപ്രണ്ട്, ലൈബ്രേറിയൻ ഗ്രേഡ്-I, ക്ലാർക്ക് എന്നീ തസ്തികകൾ കാസർഗോഡ്, വയനാട് ജില്ലകളിൽ ആരംഭിക്കുന്ന നഴ്സിംഗ് കോളേജുകളിൽ നികത്താവൂ എന്ന വ്യവസ്ഥയിൽ ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം വിവിധ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ മാനദണ്ഡപ്രകാരം പുതിയ നഴ്സിംഗ് കോളേജുകളിൽ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു :

| **തസ്തിക** | **നഴ്സിംഗ് കോളേജ്** | | | | | | **ആകെ** |
|---|---|---|---|---|---|---|---|
| | **തിരുവനന്തപുരം** | **പത്തനംതിട്ട** | **ഇടുക്കി** | **പാലക്കാട്** | **വയനാട്** | **കാസർഗോഡ്** | |
| പ്രിൻസിപ്പാൾ | - | 1 | 1 | 1 | 1 | 1 | 5 |
| അസിസ്റ്റന്റ് പ്രൊഫസർ | 4 | 2 | 2 | 2 | 2 | 2 | 14 |
| സീനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 | 6 |
| ലൈബ്രേറിയൻ ഗ്രേഡ് 1 | 1 | 1 | 1 | 1 | 1 | 1 | 6 |
| ക്ലാർക്ക് | 1 | 1 | 1 | 1 | 1 | 1 | 6 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 1 | 1 | 6 |
| **ആകെ** | 8 | 7 | 7 | 7 | 7 | 7 | 43 |

4. മേൽ പട്ടികയിൽ സൂചിപ്പിച്ച സ്ഥിര തസ്തികകൾക്കു പുറമേ ചുവടെപ്പറയുന്ന തസ്തികകളുടെ താത്ക്കാലിക ക്രമീകരണത്തിനു കൂടി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു :

i) ട്യൂട്ടർ തസ്തികകൾ - 12 എണ്ണം **(ഓരോ കോളേജിനും 2 വീതം)**, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളായി പുനർരൂപകല്പന (Redesignation) ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥയിലും, സർക്കാർ/ സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ നിന്നും വിജയകരമായി എം.എസ്.സി (നഴ്സിംഗ്) പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ഒരു വർഷ കാലാവധി ക്രമത്തിൽ പ്രസ്തുത തസ്തികകളിൽ നിയോഗിച്ചുകൊണ്ട് ഒഴിവുകൾ നികത്തേണ്ടതാണെന്ന വ്യവസ്ഥയിലും താത്ക്കാലികമായി സൃഷ്ടിക്കുന്നു.

ii) ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് - ആറ് (6) എണ്ണം **(ഓരോ കോളേജിനും 1 വീതം)**.
ഹൗസ് കീപ്പർ - ആറ് (6) എണ്ണം-**(ഓരോ കോളേജിനും 1 വീതം)**
ഈ തസ്തികകൾ ഔട്ട്സോഴ്സ് ചെയ്യേണ്ടതാണ്.

iii) ഫുൾ ടൈം സ്വീപ്പർ - ആറ് (6) എണ്ണം-- **(ഓരോ കോളേജിനും 1 വീതം)**, വാച്ച്മാൻ - ആറ് (6) എണ്ണം **(ഓരോ കോളേജിനും 1 വീതം)** എന്നീ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ.
ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (നം. 2524690/HLT-B2/44/2021-Fin)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1826 തീയതി 11.10.2023)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 13-10-2023 15:43:26
സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

7689674/2023/HEALTH (C)

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-10-2023

ഫയൽ നം. സി3/600/2023/ആകുവ.

ഇനം നം: 1826

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - 2023-24 അധ്യയന വർഷം സംസ്ഥാനത്ത് ആരംഭിക്കുന്ന ആറ് പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

12/10/23

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

12
12/10/2023

1826

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. സി3/600/2023/ആ.കു.വ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് |
| 3 | വിഷയം | | ആ.കു.വ - 2023-24 അധ്യയന വർഷം സംസ്ഥാനത്ത് ആരംഭിക്കുന്ന ആറ് പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിൽ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.10.2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതേ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ശ്രീജിത്ത് വി.പി |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | : | 06.10.2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.10.2023 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09.10.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09.10.2023 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2023-24 അധ്യയന വർഷം സംസ്ഥാനത്ത് ആരംഭിക്കുന്ന ആറ് പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

**2.** 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 'നഴ്സിംഗ് വിദ്യാഭ്യാസത്തിനായി പുതിയ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിലായി പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് 05.08.2023 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 190/2023/ആ.കു.വ പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകുകയുമുണ്ടായി. 12.08.2023- തീയതിയിലെ സ.ഉ (കൈ) നം. 198/2023/ആ.കു.വ പ്രകാരം പുതിയ കോളേജുകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിലിന്റെ തനത് ഫണ്ടിൽനിന്നും ധനസാഹായമായി 6 കോടി രൂപ അനുവദിച്ചു. 24.08.2023-ലെ സർക്കാർ ഉത്തരവ് (കൈ) നം. 228/2023/ആ.കു.വ പ്രകാരം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം വാർഷിക വിദ്യാർത്ഥി പ്രവേശനശേഷി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

**പട്ടിക 1**

| **ക്രമ നം.** | **നഴ്സിംഗ് കോളേജ് ആരംഭിക്കുന്ന ജില്ല** | **വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി** |
|---|---|---|
| 1 | തിരുവനന്തപുരം (തിരുവനന്തപുരത്തുള്ള അപെക്സ് ട്രോമ ആൻഡ് എമർജൻസി ലേണിംഗ് സെന്ററിൽ ലഭ്യമായ ഭൗതിക സൗകര്യങ്ങൾ ഉപയോഗിച്ച് തിരുവനന്തപുരം നഴ്സിംഗ് കോളേജിന് | 100 |

| | | |
|---|---|---|
| | അനുബന്ധമായി **അധിക ബാച്ച്**) | |
| 2 | പത്തനംതിട്ട | 60 |
| 3 | ഇടുക്കി | 60 |
| 4 | പാലക്കാട് | 60 |
| 5 | വയനാട് | 60 |
| 6 | കാസർകോട് | 60 |

**3.** Indian Nursing Council [Revised Regulations and Curriculum for B.Sc (Nursing) Program] Regulations 2020 പ്രകാരം വാർഷിക വിദ്യാർത്ഥി പ്രവേശനശേഷിക്ക് അനുസൃതമായി ഒരു നഴ്സിംഗ് കോളേജിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് ഉണ്ടായിരിക്കേണ്ട അധ്യാപക തസ്തികകളുടെ എണ്ണം, ആദ്യ വർഷം സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം മുതലായവ ചുവടെ പട്ടികയിൽ ചേർക്കുന്നു

**പട്ടിക 2**

| തസ്തിക | 60 സീറ്റുള്ള കോളേജിൽ ആവശ്യമായ അധ്യാപക തസ്തികകൾ | 100 സീറ്റുള്ള കോളേജിൽ ആവശ്യമായ അധ്യാപക തസ്തികകൾ | 60 സീറ്റുള്ള കോളേജിൽ ആദ്യ വർഷം സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം | 100 സീറ്റുള്ള കോളേജിൽ ആദ്യ വർഷം സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| പ്രിൻസിപ്പൽ | 1 | 1 | 1 | 1 |
| വൈസ് പ്രിൻസിപ്പൽ | 1 | 1 | – | – |
| പ്രൊഫസർ | 1 | 2 | – | – |
| അസോസിയേറ്റ് പ്രൊഫസർ | 2 | 4 | – | – |
| അസിസ്റ്റന്റ് | 3 | 8 | 2 | 4 |

| | | | | |
|---|---|---|---|---|
| പ്രൊഫസർ | | | | |
| ട്യൂട്ടർ | 16 | 24 | 3 | 5 |
| **ആകെ** | 24 | 40 | 6 | 10 |

**4.** ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ മാനദണ്ഡങ്ങൾ അനുസരിച്ച് ആറ് നഴ്സിംഗ് കോളേജുകളിലുമായി 2023-24 അധ്യയന വർഷം സൃഷ്ടിക്കേണ്ട അദ്ധ്യാപക തസ്തികകൾ പട്ടിക 3-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 3**

| തസ്തിക | നഴ്സിംഗ് കോളേജ് | | | | | | ആകെ |
|---|---|---|---|---|---|---|---|
| | തിരുവനന്തപുരം | പത്തനംതിട്ട | ഇടുക്കി | പാലക്കാട് | വയനാട് | കാസർകോട് | |
| പ്രിൻസിപ്പൽ | – | 1 | 1 | 1 | 1 | 1 | 5 |
| വൈസ് പ്രിൻസിപ്പൽ | – | – | – | – | – | – | – |
| പ്രൊഫസർ | – | – | – | – | – | – | – |
| അസോസിയേറ്റ് പ്രൊഫസർ | – | – | – | – | – | – | – |
| അസിസ്റ്റന്റ് പ്രൊഫസർ | 4 | 2 | 2 | 2 | 2 | 2 | 14 |
| ട്യൂട്ടർ | 5 | 3 | 3 | 3 | 3 | 3 | 20 |
| **ആകെ** | 9 | 6 | 6 | 6 | 6 | 6 | 39 |

**5.** ഓരോ നഴ്സിംഗ് കോളേജിന്റെയും പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് ആവശ്യമായ അനധ്യാപക തസ്തികകളുടെ എണ്ണം പട്ടിക 4-ൽ നൽകിയിരിക്കുന്നു.

| തസ്തിക | നഴ്സിംഗ് കോളേജ് | | | | | | ആകെ |
|---|---|---|---|---|---|---|---|
| | തിരുവനന്തപുരം | പത്തനംതിട്ട | ഇടുക്കി | പാലക്കാട് | വയനാട് | കാസർകോട് | |
| സീനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 | 6 |
| ലൈബ്രേറിയൻ ഗ്രേഡ് 1 | 1 | 1 | 1 | 1 | 1 | 1 | 6 |
| ക്ളർക്ക് | 1 | 1 | 1 | 1 | 1 | 1 | 6 |
| ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 1 | 1 | 6 |
| ഹൗസ് കീപ്പർ | 1 | 1 | 1 | 1 | 1 | 1 | 6 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 1 | 1 | 6 |
| ഫുൾ ടൈം സ്വീപ്പർ | 1 | 1 | 1 | 1 | 1 | 1 | 6 |
| വാച്ച്മാൻ | 1 | 1 | 1 | 1 | 1 | 1 | 6 |
| **ആകെ** | 8 | 8 | 8 | 8 | 8 | 8 | 48 |

**6.** ആറ് പുതിയ നഴ്സിംഗ് കോളേജുകൾക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട്*

ജില്ലകളിലായി ആരംഭിക്കുന്ന 6 പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾക്ക് ചുവടെ ചേർക്കുന്ന പട്ടികയിൽ 3,4,5 ഇനങ്ങൾ പുനക്രമീകരണം വഴി നിയമിക്കുക എന്ന നിബന്ധനയോടെ ബാക്കി തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

| ക്രമ നം. | തസ്തിക | പുതിയ തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | പ്രിൻസിപ്പൽ | 5 |
| 2 | അസിസ്റ്റന്റ് പ്രൊഫസർ | 14 |
| 3 | സീനിയർ സൂപ്രണ്ട് | 6 |
| 4 | ലൈബ്രേറിയൻ ഗ്രേഡ് 1 | 6 |
| 5 | ക്ലർക്ക് | 6 |
| 6 | ഓഫീസ് അറ്റൻഡന്റ് | 6 |

ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (6), ഹൗസ് കീപ്പർ (6) എന്നീ തസ്തികകൾ outsource ചെയ്യേണ്ടതാണെന്നും കൂടാതെ, 12 ട്യൂട്ടർ തസ്തികകൾ (ഓരോ കോളേജിനും 2 വീതം), അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളായി redesignate ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥയിൽ, സർക്കാർ/ സ്വാശ്രയ കോളേജുകളിൽ നിന്നും വിജയകരമായി എം.എസ്.സി (നഴ്സിംഗ്) പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ഒരു വർഷ കാലാവധി ക്രമത്തിൽ പ്രസ്തുത തസ്തികകളിൽ നിയോഗിച്ചുകൊണ്ട് ഒഴിവുകൾ നികത്താൻ അനുമതി നൽകി, താത്ക്കാലികമായി സൃഷ്ടിക്കുന്നതിനും അനുമതി നൽകാവുന്നതാണെന്നും അറിയിക്കുന്നു. കൂടാതെ ക്ലീനിംഗ് പ്രവൃത്തികൾക്കായുള്ള ഫുൾ ടൈം സ്വീപ്പർ, സെക്യൂരിറ്റി ജോലിക്കായുള്ള വാച്ച്മാൻ എന്നീ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അനുവാദവും നൽകുന്നു.

ഇതിന് ബഹു:ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

**7.** സീനിയർ സൂപ്രണ്ട്, ലൈബ്രേറിയൻ ഗ്രേഡ് I, ക്ലാർക്ക് എന്നീ തസ്തികകളിൽ 'തസ്തിക പുനഃക്രമീകരണം' മുഖാന്തിരം നിയമനം നടത്താനായിരുന്നു ധനവകുപ്പിന്റെ നിർദ്ദേശം. നഴ്സിംഗ് കോളേജിന്റെ പ്രവർത്തനത്തിന് ടി തസ്തികകൾ അനിവാര്യമായതിനാലും തസ്തിക പുനഃക്രമീകരണത്തിനായി സാധ്യത കുറവായതിനാലും ധനവകുപ്പിന്റെ അഭിപ്രായം വീണ്ടും തേടി. ടി വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"കാസർഗോഡ്, വയനാട് ഗവ. മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ സീനിയർ സൂപ്രണ്ട്, ലൈബ്രേറിയൻ ഗ്രേഡ്-I, ക്ലർക്ക് എന്നീ തസ്തികകൾ (പട്ടികയിലെ ക്രമ നം. 3,4,5) കാസർഗോഡ്, വയനാട് ജില്ലകളിൽ ആരംഭിക്കുന്ന നേഴ്സിംഗ് കോളേജുകളിൽ നികത്താവൂ എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ച് പട്ടികയിലെ 3,4,5 ഇനങ്ങൾ (സീനിയർ സൂപ്രണ്ട്, ലൈബ്രേറിയൻ ഗ്രേഡ്-I ക്ലർക്ക്) സ്ഥിരം തസ്തികകളായി സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു".*

*ഇതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.*

**8.** ധനകാര്യ വകുപ്പ് ഖണ്ഡിക നമ്പർ 6, 7-ൽ നിർദ്ദേശിച്ചത് പ്രകാരം **സ്ഥിര തസ്തികകൾ** സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന വാർഷിക ചെലവ് പട്ടിക 5-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക നം. 5**

| ക്രമ നം. | തസ്തിക | മാസശമ്പളം | ധന വകുപ്പ് നിർദ്ദേശിച്ച തസ്തികകൾ | വാർഷിക ചെലവ് |
|---|---|---|---|---|
| 1 | പ്രിൻസിപ്പൽ | 1,78,714 | 5 | 1,07,22,840 |
| 2 | അസിസ്റ്റന്റ് പ്രൊഫസർ | 73,279 | 14 | 1,23,10,872 |

| | | | | |
|---|---|---|---|---|
| 3 | സീനിയർ സൂപ്രണ്ട് | 60138 | 6 | 4329936 |
| 4 | ലൈബ്രേറിയൻ ഗ്രേഡ് 1 | 66105 | 6 | 4759560 |
| 5 | ക്ളർക്ക് | 31005 | 6 | 2232360 |
| 6 | ഓഫീസ് അറ്റൻഡന്റ് | 26910 | 6 | 1937520 |
| ആകെ | | | 43 | **3,62,93,088** |

**9.** സ്ഥിര തസ്തികകൾ സൃഷ്ടിക്കുന്നതുമൂലമുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യതയായ 3,62,93,088 രൂപ കൂടാതെ താൽക്കാലിക തസ്തികകളിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെടുന്ന 12 ട്യൂട്ടർമാർക്കുള്ള സ്റ്റൈപ്പൻഡ്/വേതന ഇനത്തിൽ 29,52,000/- കൂടി വഹിക്കേണ്ടതുണ്ട്. നിലവിലുള്ള പ്രതിമാസ സ്റ്റൈപ്പൻഡ് നിരക്ക് 20,500 രൂപയാണ്. മൊത്തത്തിൽ തസ്തിക സൃഷ്ടിക്കുന്നതിലൂടെ പ്രതിവർഷം വഹിക്കേണ്ട സാമ്പത്തിക ബാധ്യത **3,92,45,088/- (മൂന്ന് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എൺപത്തിയെട്ട് രൂപ മാത്രം)** ആണ്.

**10.** ധനകാര്യ വകുപ്പിന്റെ 6, 7 ഖണ്ഡികകളിലെ റിമാർക്സിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ്, വയനാട് ഗവ. മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ സീനിയർ സൂപ്രണ്ട്, ലൈബ്രേറിയൻ ഗ്രേഡ്-I, ക്ലർക്ക് എന്നീ തസ്തികകൾ കാസർഗോഡ്, വയനാട് ജില്ലകളിൽ ആരംഭിക്കുന്ന നേഴ്സിംഗ് കോളേജുകളിൽ നികത്താവൂ എന്ന വ്യവസ്ഥയിൽ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിലായി ആരംഭിക്കുന്ന പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിൽ അധ്യാപക തസ്തികകളും അനധ്യാപക തസ്തികകളും ചുവടെ പട്ടികയിൽ സൂചിപ്പിക്കും പ്രകാരം സൃഷ്ടിക്കാവുന്നതാണ്.

**പട്ടിക നം. 6**

| തസ്തിക | നഴ്സിംഗ് കോളേജ് | | | | | | ആകെ |
|---|---|---|---|---|---|---|---|
| | തിരുവനന്തപുരം | പത്തനംതിട്ട | ഇടുക്കി | പാലക്കാട് | വയനാട് | കാസർകോട് | |
| പ്രിൻസിപ്പൽ | – | 1 | 1 | 1 | 1 | 1 | 5 |
| അസിസ്റ്റന്റ് പ്രൊഫസർ | 4 | 2 | 2 | 2 | 2 | 2 | 14 |
| സീനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 | 6 |
| ലൈബ്രേറിയൻ ഗ്രേഡ് 1 | 1 | 1 | 1 | 1 | 1 | 1 | 6 |
| ക്ലർക്ക് | 1 | 1 | 1 | 1 | 1 | 1 | 6 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 1 | 1 | 6 |
| ആകെ | 8 | 7 | 7 | 7 | 7 | 7 | 43 |

**11.** മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം സ്ഥിര തസ്തികകൾ സൃഷ്ടിക്കുന്നതിനുപുറമേ ഖണ്ഡിക 6 –ൽ ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ് പ്രകാരം ചുവടെപ്പറയുന്ന തസ്തികകളുടെ താത്ക്കാലിക ക്രമീകരണത്തിനുകൂടി അനുമതി നൽകാവുന്നതാണ്.

i) 12 ട്യൂട്ടർ തസ്തികകൾ (ഓരോ കോളേജിനും 2 വീതം), അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളായി redesignate ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥയിൽ, സർക്കാർ/ സ്വാശ്രയ കോളേജുകളിൽ നിന്നും വിജയകരമായി എം.എസ്.സി (നഴ്സിംഗ്) പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ഒരു വർഷ കാലാവധി ക്രമത്തിൽ പ്രസ്തുത തസ്തികകളിൽ നിയോഗിച്ചുകൊണ്ട് ഒഴിവുകൾ

നികത്താൻ അനുമതി നൽകി താത്ക്കാലികമായി സൃഷ്ടിക്കുന്നതാണ്.

ii) ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (6 എണ്ണം), ഹൗസ് കീപ്പർ (6 എണ്ണം) എന്നീ തസ്തികകൾ outsource ചെയ്യാവുന്നതാണ്.

iii) ഫുൾ ടൈം സ്വീപ്പർ, വാച്ച്മാൻ എന്നീ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണ്.

**12.** 2023-24 അധ്യയന വർഷം സംസ്ഥാനത്ത് ആരംഭിക്കുന്ന ആറ് പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിൽ മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതുണ്ട്. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു: മുഖ്യമന്ത്രി അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ കേരളത്തിൽതന്നെ കുട്ടികൾക്ക് മികവുറ്റ നേഴ്സിംഗ് വിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായും 2023–24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 'നഴ്സിംഗ് വിദ്യാഭ്യാസത്തിനായി പുതിയ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായും തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിലായി ആരംഭിക്കുന്ന പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾക്കായി ഖണ്ഡിക 10- ൽ വിവരിക്കും പ്രകാരം സ്ഥിര തസ്തികകൾ സൃഷ്ടിക്കുന്നതിനും ഖണ്ഡിക 11- ൽ വിവരിക്കും പ്രകാരം തസ്തികകളുടെ താത്ക്കാലിക ക്രമീകരണത്തിനും അനുമതി നൽകാവുന്നതാണോ?

# GOVERNMENT OF KERALA
## (SRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | C3/600/2023/H&FWD |
| 2. | Department | : | Health & Family Welfare (C) Department |
| 3. | Subject | : | Creation of teaching and non teaching staff posts for the six new government nursing colleges to be opened in the State during 2023-24 Academic Year– Reg. |
| 4. | Date of Chief Minister's order for placing before the Council | : | 04.10.2023 |
| 5. | (i) Does the case involve financial commitments/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | :<br>: | Yes<br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Sri. Sreejith .V.P |
| 8. | Name of Principal Secretary who approved the Draft Note | : | Sri. A.P.M Muhammed Hanish |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 06.10.2023 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. Venu V |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 09.10.2023 |
| 12. | Name of Minister who approved the Draft Note | : | Smt.Veena George |
| 13. | Date of approval of the Draft Note for the Council by the Minister | : | 09.10.2023 |
| 14. | Date of Submission of fair copies | : | 09.10.2023 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision | : | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the creation of teaching and non teaching posts for the six new Government Nursing Colleges to be opened in the State during 2023-24 Academic Year, in accordance with the norms of Indian Nursing Council.

**2.** As part of implementation of announcement made in the Budget Speech for the year 2023-24 regarding 'opening new colleges for Nursing Education', in principle administrative sanction was accorded for starting new nursing colleges at Thiruvanthapuram, Pathanamthitta, Idukki, Palakkad, Wayanad and Kasaragod districts vide G.O (Ms) No. 190/2023/H&FWD dated 05.08.2023. An amount of Rs. 6 crore from the own fund of Kerala Nurses & Midwives Council was sanctioned to the new colleges towards building infrastructural facilities as per G.O (Ms) No. 198/2023/H&FWD dated 12.08.2023. As per G.O (Ms) No. 228/2023/H&FWD dated 24.08.2023, annual intake capacity for each new nursing college was fixed as provided in the below table:

**Table 1**

| Sl No. | District where nursing college is to be started | Annual student intake capacity |
|---|---|---|
| 1 | Thiruvananthapuram<br>(Additional batch annexed to College of Nursing, Thiruvananthapuram utilsing the physical facilities available at the Apex Trauma and Emergency Learning Centre, Thiruvananthapuram) | 100 |
| 2 | Pathanamthitta | 60 |
| 3 | Idukki | 60 |
| 4 | Palakkad | 60 |
| 5 | Wayanad | 60 |
| 6 | Kasaragod | 60 |

**3.** Total number of teaching posts required for the full fledged functioning of a nursing college in accordance with intake capacity envisaged as per Indian Nursing Council [Revised Regulations and Curriculum for B.Sc (Nursing) Program] Regulations 2020 and the number of teaching posts required for the first year are given in the below table:

**Table 2**

| Post | Teaching Posts required for a college with 60 seats | Teaching Posts required for a college with 100 seats | Posts to be created for the first year in a 60 seat college | Posts to be created for the first year in a 100 seat college |
|---|---|---|---|---|
| Principal | 1 | 1 | 1 | 1 |
| Vice Principal | 1 | 1 | - | - |
| Professor | 1 | 2 | - | - |
| Associate Professor | 2 | 4 | - | - |
| Assistant Professor | 3 | 8 | 2 | 4 |
| Tutor | 16 | 24 | 3 | 5 |
| Total | 24 | 40 | 6 | 10 |

**4.** Teaching posts to be created for the 2023-24 Academic Year in all the six nursing colleges as per Indian Nursing Council regulations are shown in table 3:

**Table 3**

| Post | Nursing College | | | | | | Total |
|---|---|---|---|---|---|---|---|
| | Thiruvananthapuram | Pathanamthitta | Idukki | Palakkad | Wayanadu | Kasaragod | |
| Principal | - | 1 | 1 | 1 | 1 | 1 | 5 |
| Vice | - | - | - | - | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| Principal | | | | | | | |
| Professor | - | - | - | - | - | - | - |
| Associate Professor | - | - | - | - | - | - | - |
| Assistant Professor | 4 | 2 | 2 | 2 | 2 | 2 | 14 |
| Tutor | 5 | 3 | 3 | 3 | 3 | 3 | 20 |
| Total | 9 | 6 | 6 | 6 | 6 | 6 | 39 |

**5.** Non teaching posts required for the full fledged functioning of each nursing college is as given in table table 4:

**Table 4**

| Post | Nursing College | | | | | | Total |
|---|---|---|---|---|---|---|---|
| | Thiruvanthapuram | Pathanamthitta | Idukki | Palakkad | Wayanadu | Kasaragod | |
| Senior Supdt. | 1 | 1 | 1 | 1 | 1 | 1 | 6 |
| Librarian Grade I | 1 | 1 | 1 | 1 | 1 | 1 | 6 |
| Clerk | 1 | 1 | 1 | 1 | 1 | 1 | 6 |
| Diver cum Office Attendant | 1 | 1 | 1 | 1 | 1 | 1 | 6 |
| House Keeper | 1 | 1 | 1 | 1 | 1 | 1 | 6 |
| Office Attendant | 1 | 1 | 1 | 1 | 1 | 1 | 6 |
| Full Time Sweeper | 1 | 1 | 1 | 1 | 1 | 1 | 6 |
| Watchman | 1 | 1 | 1 | 1 | 1 | 1 | 6 |
| TOTAL | 8 | 8 | 8 | 8 | 8 | 8 | 48 |

6. With regard to the creation of teaching and non teaching posts in the six new nursing colleges, Finance Department has remarked as follows:

"തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിലായി ആരംഭിക്കുന്ന 6 പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾക്ക് ചുവടെ ചേർക്കുന്ന പട്ടികയിൽ 3,4,5 ഇനങ്ങൾ പുനക്രമീകരണം വഴി നിയമിക്കുക എന്ന നിബന്ധനയോടെ ബാക്കി തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

| ക്രമ നം. | തസ്തിക | പുതിയ തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | പ്രിൻസിപ്പൽ | 5 |
| 2 | അസിസ്റ്റന്റ് പ്രൊഫസർ | 14 |
| 3 | സീനിയർ സൂപ്രണ്ട് | 6 |
| 4 | ലൈബ്രേറിയൻ ഗ്രേഡ് 1 | 6 |
| 5 | ക്ളർക്ക് | 6 |
| 6 | ഓഫീസ് അറ്റൻഡന്റ് | 6 |

ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (6), ഹൗസ് കീപ്പർ (6) എന്നീ തസ്തികകൾ outsource ചെയ്യേണ്ടതാണെന്നും കൂടാതെ, 12 ട്യൂട്ടർ തസ്തികകൾ (ഓരോ കോളേജിനും 2 വീതം), അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളായി redesignate ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥയിൽ, സർക്കാർ/ സ്വാശ്രയ കോളേജുകളിൽ നിന്നും വിജയകരമായി എം.എസ്.സി (നഴ്സിംഗ്) പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ഒരു വർഷ കാലാവധി ക്രമത്തിൽ പ്രസ്തുത തസ്തികകളിൽ നിയോഗിച്ചുകൊണ്ട് ഒഴിവുകൾ നികത്താൻ അനുമതി നൽകി, താത്ക്കാലികമായി സൃഷ്ടിക്കുന്നതിനും അനുമതി നൽകാവുന്നതാണെന്നും അറിയിക്കുന്നു. കൂടാതെ ക്ളീനിംഗ് പ്രവൃത്തികൾക്കായുള്ള ഫുൾ ടൈം സ്വീപ്പർ, സെക്യൂരിറ്റി ജോലിക്കായുള്ള വാച്ച്മാൻ എന്നീ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അനുവാദവും നൽകുന്നു.

ഇതിന് ബഹു:ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

7. Suggestion of the Finance Department was to fill up the posts of Senior Superintendent, Librarian Grade I and Clerk through 'rearrangment of posts'. Since these posts are inevitable

for the smooth functioning of the college and there is little possibility for posts rearrangement, remarks of Finance Department has again been sought. That department has suggested as follows:

"കാസർഗോഡ്, വയനാട് ഗവ. മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ സീനിയർ സൂപ്രണ്ട്, ലൈബ്രേറിയൻ ഗ്രേഡ്-1, ക്ലർക്ക് എന്നീ തസ്തികകൾ (പട്ടികയിലെ ക്രമ നം. 3,4,5) കാസർഗോഡ്, വയനാട് ജില്ലകളിൽ ആരംഭിക്കുന്ന നേഴ്സിംഗ് കോളേജുകളിൽ നികത്താവൂ എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ച് പട്ടികയിലെ 3,4,5 ഇനങ്ങൾ (സീനിയർ സൂപ്രണ്ട്, ലൈബ്രേറിയൻ ഗ്രേഡ്-I ക്ലർക്ക്) സ്ഥിരം തസ്തികകളായി സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു".

ഇതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

**8.** Expenditure to be incurred owing to the creation of **permanent posts** as suggested by Finance Department at paragraph No.6 and 7 is shown in table 5:

**Table 5**

| Sl No. | Post | Monthly salary | No. of posts suggested by F.D | Annual expenditure |
|---|---|---|---|---|
| 1 | Principal | 1,78,714 | 5 | 1,07,22,840 |
| 2 | Assistant Professor | 73,279 | 14 | 1,23,10,872 |
| 3 | Senior Supdt. | 60138 | 6 | 4329936 |
| 4 | Librarian Grade I | 66105 | 6 | 4759560 |
| 5 | Clerk | 31005 | 6 | 2232360 |
| 6 | Office Attendant | 26910 | 6 | 1937520 |
| **TOTAL** | | | **43** | **3,62,93,088** |

**9.** Apart from the annual financial commitment amounting to Rs. 3,62,93,088 due to the creation of permanent posts, an amount of Rs. 29,52,000/- is to be incurred towards stipend/wages for

the 12 Tutors appointed against temporary posts for a period of one year. Existing monthly stipend rate is Rs. 20,500/-. Altogether, yearly financial commitment to be met owing to the creation of posts is **Rs. 3,92,45,088/- (Rupees Three Crore Ninety Two Lakh Forty Five Thousand and Eighty Eight only)**.

**10.** Based on the remarks offered by the Finance Department at paragraph No. 6 &7, teaching posts and non-teaching posts for the new government nursing colleges to be started in Thiruvananthapuram, Pathanamthitta, Idukki, Palakkad, Wayanad and Kasaragod districts may be created as provided in the table below, subject to the condition that the posts of Senior Superintendent, Librarian Grade I and Clerk in the proposed Wayanadu and Kasaragod nursing colleges shall be filled up only after commencement of M.B.B.S course in Wayanadu and Kasaragod Medical Colleges:

**Table 6**

| Post | Nursing College | | | | | | Total |
|---|---|---|---|---|---|---|---|
| | Thiruvananthapuram | Pathanamthitta | Idukki | Palakkad | Wayanadu | Kasaragod | |
| Principal | - | 1 | 1 | 1 | 1 | 1 | 5 |
| Assistant Professor | 4 | 2 | 2 | 2 | 2 | 2 | 14 |
| Senior Supdt. | 1 | 1 | 1 | 1 | 1 | 1 | 6 |
| Librarian Grade I | 1 | 1 | 1 | 1 | 1 | 1 | 6 |
| Clerk | 1 | 1 | 1 | 1 | 1 | 1 | 6 |
| Office Attendant | 1 | 1 | 1 | 1 | 1 | 1 | 6 |
| TOTAL | 8 | 7 | 7 | 7 | 7 | 7 | 43 |

**11.** In addition to the creation of permanent posts as stated above, in accordance with the remraks of Finance Department at paragraph No. 6, sanction may also be accorded for the following temporary arrangement of posts:

i)12 posts of Tutor (two posts apiece for each college) may be created temporarily subject to the condition that the posts shall not be redesignated to the post of Assistant Professor and these posts shall be filled up by engaging candidates, who successfully complete M.Sc (N) course from Government/Self Fianncing Colleges, for a period of one year.

ii) Posts of Driver cum Office Attendant (6 Nos) and House Keeper (6 Nos) may be outsourced.

iii) Appointment on daily wage basis may be made against the posts of Full Time Sweeper and Watchman

**12.** Approval of the Council of Ministers is required for creating teaching and non teaching posts for the six new Government Nursing Colleges to be opened in the State during 2023-24 Academic Year, in accordance with the norms of Indian Nursing Council. Hon'ble Chief Minister has ordered to place the matter for the consideration of the Council of Ministers.

## POINT FOR DECISION

Towards acheiving the goal of providing opportunities to the students for quality nursing education in Kerala itself without depending on other States and as part of implementation of announcement made in the Budget Speech for the year 2023-24 regarding 'opening new colleges for Nursing Education', whether permanent posts may be created for the new nursing colleges to be opened at Thiruvananthapuram, Pathanamthitta, Idukki, Palakkad, Wayanad and Kasaragod districts as provided in paragraph No. 10 and temporary arrangement of posts may be made as stated in paragraph No. 11 ?